## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 903    30.06.2011 ൽ മറുപടിക്ക്

### നായത്തോട്-എയർപോർട്ട് റോഡിന്റെ സ്ഥലമെടുപ്പ് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ നായത്തോട്-എയർപോർട്ട റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ ; | (എ) | ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാരെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതാണ് കാലതാമസത്തിന്റെ കാരണം. പ്രസ്തുത നടപടികൾ പൂർത്തിയായി വരുന്നു. |
| (ബി) ഇനി എന്തെല്ലാം നടപടികൾ പൂർത്തിയാക്കുവാനുണ്ടെന്നും എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ; | (ബി) | 6(1) നോട്ടിഫിക്കേഷൻ, ലാന്റ് റവന്യൂ കമ്മീഷണറുടെ അംഗീകാരം 4(1) നോട്ടിഫിക്കേഷൻ, ഡ്രാഫ്റ്റ് ഡിക്ലറേഷൻ, സ്ഥലമെടുപ്പ് മുതലയായ നടപടികളാണ് പൂർത്തിയാക്കാനുള്ളത്. ഇതിന് ഏകദേശം ഒരു വർഷത്തെ കാലതാമസം ഉണ്ടാകാം. |
| (സി) ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം സി.ഐ.എ.എൽ. ഏറ്റെടുത്തിരുന്ന സമയത്ത് നടത്തിയ അക്വിസിഷൻ നടപടികൾ അലൈൻമെന്റിൽ വ്യതാസമില്ലാത്തതിനാൽ തുടരുന്നതിന് എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കുവാനുള്ളതെന്ന് വിശദമാക്കുമോ ; | (സി) | അലൈൻമെന്റിൽ വ്യത്യാസം ഇല്ലെങ്കിലും ലാന്റ് അക്വിസിഷൻ നടപടികൾ പുതുതായി നടത്തേണ്ടതുണ്ട്. |

| | |
|---|---|
| (ഡി) ഇതിന്റെ ലാപ്സ് ആയ നോട്ടിഫിക്കേഷൻ 'ഡി-നൊവൊ' ആക്കി പ്രസിദ്ധീകരിക്കാനുള്ള നടപടി എന്തായി എന്നും അത് എന്നേയ്ക്ക് തുടങ്ങാൻ കഴിയുമെന്നും വ്യക്തമാക്കുമോ ? | (ഡി) ഭൂമി ഏറ്റെടുക്കൽ നടപടി 'ഡിനോവ' ആയ സ്ഥിതിയ്ക്ക് പുതുതായി നോട്ടിഫിക്കേഷൻ പ്രസ്ദ്ധീകരിക്കേണ്ടിവരും. ലാന്റ് അക്വിസിഷൻ അതോറിറ്റിയെ നിയമിച്ചു കഴിഞ്ഞാൽ മാത്രമേ തുടർ നടപടികൾ തുടങ്ങാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ